(ബി) കേന്ദ്ര ബാങ്ക് തലത്തിൽ കടിശ്ശികയുള്ളതും സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്നതും വായ്പ നീക്കിയിരിപ്പിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നതുമായ പ്രാഥമിക ബാങ്കുകൾക്കാണ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിക്കുന്നതിനായി, നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് 14-7-2014-ലും കിളിമാനൂർ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് 13-9-2014-ലും കോഴിക്കോട് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് 3-11-2014-ലും അപേക്ഷ സമർപ്പിച്ചിരുന്നു. അതിൽ നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിച്ച് നടപ്പിലാക്കുകയും മറ്റ് രണ്ട് ബാങ്കുകളുടെ അപേക്ഷകൾ അനുവാദം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലുമാണ്.

(സി) റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കിന് സാമ്പത്തിക സഹായമൊന്നും നൽകിയിട്ടില്ല. പദ്ധതി പ്രകാരം കടിശ്ശിക തുക പുനഃക്രമീകരിച്ച് 32 പാദവാർഷിക തവണകളായി അടച്ചുതീർക്കുന്നതിന് അനുവദിക്കുകയാണ് ചെയ്തത്. തിരിച്ചടവിന് അധിക കാലാവധി മാത്രമാണ് നൽകിയിട്ടുള്ളത്.

(ഡി) പ്രാഥമിക സഹകരണ ബാങ്കുകളുടെ കടിശ്ശിക ഇല്ലാതാക്കുന്നതിനും കേന്ദ്ര ബാങ്കും പ്രാഥമിക ബാങ്കും തമ്മിലുള്ള ഇംബാലൻസ് ഒഴിവാക്കുന്നതിനുമാണ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയത്. ഇക്കാര്യത്തിൽ വഴിവിട്ട സഹായം ബാങ്കിന് നൽകിയിട്ടില്ല. നബാർഡിന്റെ പരിശോധന റിപ്പോർട്ടിലെ നിർദ്ദേശംകൂടി കണക്കിലെടുത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രാഥമിക ബാങ്കുകൾക്ക് പുനരുദ്ധാരണ പദ്ധതി അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന് മുതൽ ഇനത്തിലെ കടിശ്ശികയായ 6.57 കോടി രൂപ 10.50 ശതമാനം പലിശ ഉൾപ്പെടെ 32 പാദവാർഷിക തവണകളായും പലിശ ഇനത്തിലെ കടിശ്ശിക 6.45 കോടി രൂപ 32 പാദവാർഷിക തവണകളായും അടയ്ക്കാനുള്ള അനുവാദമാണ് നൽകിയിട്ടുള്ളത്.

റിസ്ക് ഫണ്ട് സ്കീം ആനുകൂല്യങ്ങൾ

90 (4081) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് എത്ര രൂപയാണ് പ്രീമിയമായി വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിസ്ക് ഫണ്ട് സ്കീം പ്രകാരം പ്രീമിയം അടയ്ക്കുകയും എന്നാൽ ലോൺ കാലാവധിക്ക് മുമ്പ് ലോൺ എടുത്തയാൾ മരണപ്പെടുകയും ചെയ്താൽ നിശ്ചിത കാലപരിധി കഴിഞ്ഞുവെന്ന കാരണം കൊണ്ട് മാത്രം ആനുകൂല്യം നിക്ഷേധിക്കുമോ ;

(സി) പ്രീമിയം അടച്ചു കഴിഞ്ഞു എന്ന കാരണത്താൽ ഇത്തരം കേസുകൾ പ്രത്യേകമായി പരിഗണിച്ച് ആനുകൂല്യം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥ പ്രകാരം വായ്പക്കാർ വായ്പ തുകയുടെ 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ഒറ്റത്തവണ പ്രീമിയമായി നൽകേണ്ടതുണ്ട്.

(ബി) റിസ്ക് ഫണ്ട് നിയമാവലിയിലെ ക്ലാസ് 4 (ബി) പ്രകാരം വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പക്കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പക്കാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ചവരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയുണ്ട്. അല്ലാതെ വായ്പക്കാലാവധി കഴിഞ്ഞുവെന്ന കാരണം കൊണ്ട് ആനുകൂല്യം നിഷേധിക്കുന്നില്ല.

(സി) റിസ്ക് ഫണ്ട് നിയമാവലിയിലെ ക്ലാസ് 13 (6) പ്രകാരം റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. ഈ നിയമവ്യവസ്ഥ പ്രകാരം അർഹതയുള്ള കേസുകളിൽ നിയമാവലിയിലെ ക്ലാസ് 4 (ബി) യിലെ വ്യവസ്ഥകൾക്ക് ഇളവ് അനുവദിച്ച് ആനുകൂല്യം നൽകുന്നുണ്ട്.

അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ്

91 (4082) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ് ബാങ്ക് ലൈസൻസുള്ള അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് നടപ്പാക്കുന്നകാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly